LIBRARY ARCHIVES Kerala Legislative Assembly

(സി) വകുപ്പ് നിലവിൽ വന്നശേഷം കുട്ടികൾക്ക് എതിരെയുണ്ടായ അതിക്രമങ്ങളിൽ എത്ര കേസ് രജിസ്റ്റർ ചെയ്തുവെന്നും പ്രസ്തുത അതിക്രമങ്ങളിൽ എത്ര മരണം സംഭവിച്ചുവെന്നും ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

വകുപ്പ് നിലവിൽ വന്നശേഷം കുട്ടികൾക്ക് എതിരെയുണ്ടായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 14256 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത അതിക്രമങ്ങളിൽ 132 കേസ്സുകളിൽ മരണം സംഭവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 14589 പ്രതികളെ അറസ്റ്റ് ചെയ്യുകയും 11808 കേസ്സുകളിൽ ചാർജ്ജ് ഷീറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 203 കേസ്സുകളിലായി 210 പേരെ ശിക്ഷിക്കുകയും ചെയ്തു.

(ഡി) പോക്സോ കോടതികളുടെ പ്രവർത്തനം എത്രത്തോളം സമഗ്രമാണെന്നും ശിക്ഷിച്ച കേസ്സുകളുടെ എണ്ണം എത്രയെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് പോക്സോ കേസ്സുകളുമായി ബന്ധപ്പെട്ട് 4695 കേസ്സുകൾ കോടതി തീർപ്പുകൽപ്പിക്കുകയും അതിൽ 788 കേസ്സുകളിൽ പ്രതികളെ ശിക്ഷിക്കുകയും ചെയ്തു.

കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിലെ നടപടി

124 (1488) ശ്രീ. കെ. ജെ. മാക്സി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കുട്ടികളുടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലാ തിരിച്ച് വ്യക്തമാക്കുമോ?

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ (1-1-2011 മുതൽ 20-7-2021 വരെ) കുട്ടികളുടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ ജില്ലാ തിരിച്ച കണക്ക് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തു; ഇതിൽ എത്ര പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു; എത്ര സ്ഥലങ്ങളിൽ വിശദ പരിശോധന നടത്തുകയുണ്ടായി; എത്ര ഉപകരണങ്ങൾ പിടിച്ചെടുത്തു; വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുമായി ബന്ധപ്പെട്ട് 993 സ്ഥലങ്ങളിൽ വിശദപരിശോധന നടത്തി 246 പേരെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചുവരുന്നു. പിടിച്ചെടുത്ത ഉപകരണങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കുട്ടികളുടെ മനസ്സിനും ജീവിതത്തിനും ആഴമേറിയ മുറിപ്പാടുകളുണ്ടാക്കുന്ന ഇത്തരം ഗ്രൂപ്പുകളെ അമർച്ചചെയ്യാനും ഇവരുടെ പേരുകൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാനും കർശന നിയമ വ്യവസ്ഥയിൽ ഇവരെ ഉൾപ്പെടുത്തി കഠിന ശിക്ഷവാങ്ങി നൽകുന്നതിനുമായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും തടയുന്നതിനുമായി ഓപ്പറേഷൻ പി-ഹണ്ട് എന്ന പേരിൽ സൈബർ ഡോമിന്റെ നേതൃത്വത്തിൽ റെയ്ഡുകൾ നടത്തി കുറ്റക്കാർക്കെതിരെ സത്വര നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇത്തരം ചതിക്കുഴികളിൽ കുട്ടികൾ വീഴാതിരിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി സമൂഹമാധ്യമങ്ങൾ വഴിയും അല്ലാതെയും കുട്ടികളിൽ ബോധവൽക്കരണം നടത്തിവരുന്നു.

ആറുവയസ്സുകാരി പീഡനത്തിനിരയായി കൊല്ലപ്പെട്ട സംഭവം

125 (1489) ശ്രീ. പി. കെ. ബഷീർ:

ശ്രീ. നജീബ് കാന്തപുരം: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി വണ്ടിപ്പെരിയാറിൽ ആറുവയസ്സുകാരിയെ പീഡിപ്പിച്ചശേഷം കെട്ടിത്തൂക്കി കൊലപ്പെടുത്തിയ സംഭവത്തിലെ അന്വേഷണം നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഇടുക്കി വണ്ടിപ്പെരിയാറിൽ ആറുവയസ്സുകാരിയെ പീഡിപ്പിച്ചശേഷം കെട്ടിത്തൂക്കി കൊലപ്പെടുത്തിയ സംഭവത്തിന് മണി S/o. അയ്യപ്പൻ എന്ന ആളുടെ പരാതി പ്രകാരം വണ്ടിപ്പെരിയാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 598/2021 U/s 174 Cr.P.C. altered 449, 302, 376(2)(n)(m), 376(3) IPC & Sec 4 r/w 3 a, 6 r/w 5(i)(l)(m), 10 r/w 9(i)(l)(m) of POCSO Act 2012 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് ടി കേസ്സിലെ പ്രതിയായ അർജ്ജുൻ S/o സുന്ദർ എന്നയാളെ നിയമാനുസരണം അറസ്റ്റ് ചെയ്ത് 5-7-2021-ന് ബഹുമാനപ്പെട്ട പീരുമേട് ജൂഡീഷ്യൽ ഫസ്റ്റ്ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി-II മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും തുടർന്ന് ബഹുമാനപ്പെട്ട കോടതി റിമാന്റ് അനുവദിച്ച് ജൂഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച് വരുന്നതുമാണ്. കേസ്സ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.